## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത*
*ചോദ്യം നമ്പർ : 218*

*03 / 02 / 2020 -ൽ*
*മറുപടി നൽകേണ്ടത്*

## വേങ്ങോളി പാലം നിർമ്മാണം

**ചോദ്യം**
**ശ്രീ. ഇ. കെ. വിജയൻ**

**മറുപടി**
**പിണറായി വിജയൻ**
**( മുഖ്യമന്ത്രി )**

(എ) നാദാപുരം – വടകര മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന വേങ്ങോളി പാലം നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ;

(ബി) പാലത്തിന്റെ അപ്രോച്ച് റോഡിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) പാലത്തിന്റെ ഡിസൈൻ ലഭ്യമാക്കാമോ ?

(എ) (ബി) & (സി) നാദാപുരം – വടകര മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന വേങ്ങോളി പാലത്തിന്റെ ഡിസൈൻ പൂർത്തീകരിച്ച് നിർമ്മാണം 2020 മെയ് മാസത്തോട് കൂടി ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് . നിലവിൽ പാലത്തിന്റെ അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന ഭാഗത്ത് സർവ്വേ കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും സാമൂഹിക ആഘാത പഠനവും നടത്തി വരികയാണ് .

**സെക്ഷൻ ഓഫീസർ**